കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് - ഡോക്ടർ കെ.ആർ . സുനിൽ കുമാറിന്റെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം. 1898/17/ആകുവ. തിരുവനന്തപുരം, തീയതി, 07/07/2017

പരാമർശം. 1) സ.ഉ (സാധാ) നം.590/2011/ആകുവ തീയതി 16/02/2011
2) സ.ഉ(പി) നം. 26/2016/ആകുവ. തീയതി 29/03/2016
3) നം. ഇ.എ 2-762/15/ആകുവ തീയതി 19/04/2017

## ഉത്തരവ്

പരാമർശം 1 പ്രകാരം ആരോഗ്യ വകുപ്പിലെ ഡോക്ടർ കെ.ആർ. സുനിൽ കുമാറിന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 2011-ൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. 29/08/2016-ൽ കൂടിയ ഇടക്കാല വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയിൽ ഡോക്ടർ കെ.ആർ. സുനിൽ കുമാറിന്റെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റ് അംഗീകരിക്കുയും ആയത് പരാമർശം 2 പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഡോക്ടർ കെ.ആർ . സുനിൽ കുമാറിന്റെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇടക്കാല വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ അംഗീകാരത്തോടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഡോക്ടർ കെ.ആർ സുനിൽ കുമാറിന്റെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം ടി സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ടിയാൻ ടി തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് PDF-രൂപത്തിൽ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അടിയന്തിരമായി ശുപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബി.എസ്. ബിജു ഭാസ്കർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

മേലെഴുത്ത് നം. ഇ-എ2-762/15/ആവസ തീയതി 22.7.16
ഉത്തരവിൻ പ്രകാരം.
ഉചിതവും അറിവിലേക്കും അനന്തരനടപടികൾക്കായി സമർപ്പിക്കുന്നു.

സെക്ഷൻ ഓഫീസർ

To
Dr. K. R. സുനിൽകുമാർ

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി